

Scratch
Malayalam Computing & Electronics
Mobile App
Robotics
Python & Electronics
Raspberry Pi
Sophia
Hardware
LITTLE ICONS
DIGITAL MAGAZINE
Animation




KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION




# *Our Founder*

## ***Our Members***

1. Adithya Sathish
2. Arundhathy L
3. Aswathi Shanth
4. Gayathri Sasi
5. Meera Mohanan
6. Saneesha L
7. Vismaya Biju
8. Adarsh K A
9. Ajin Suresh
10. Arjun A
11. Arjunan M
12. Athul S
13. Govindaraj
14. Jithu Girish
15. Joshua P Mathew
16. Midhun Manoj
17. Sooraj PS
18. Stephin S
19. Sumith Subhash
20. Swathi Krishnan
21. Vimal Raj

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

***Our Little Kites Mistress***

***Jayalakshmi P***

***Jayasree N***

# ആമുഖം

പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിവരുന്നു.

ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർത്ഥിക്ക് വൈവിധ്യപൂർണമായ പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്നുപോകുന്നതിനുള്ള അവസരമാണ് ലഭിക്കുന്നത്. സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം നൽകി. ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ്. വിവിധ മേഖലയിലെ പ്രായോഗിക പരിശീലനം പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

നൂതന സാങ്കേതിക വിദ്യാലോകത്തേക്ക് വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തുന്ന തരത്തിൽ സ്കൂൾതല പ്രവർത്തനങ്ങൾ കൂടുതൽ അന്വേഷണാത്മകവും സർഗാത്മകവുമാക്കൽ ഓരോ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനും സാധിക്കട്ടെ

എഡിറ്റർ.

# സന്ദേശം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എസ്. വി .എച്ച്. എസ്  പുല്ലാട്സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഹൈടെക്ക് സ്കൂൾ പദ്ധതിയോടനുബന്ധിച്ച് സ്കൂളുകളിൽ ഹൈടെക്ക് ക്ലാസ് മുറികളും ഐ.സി.ടി അധിഷ്ഠിത പഠനവും യാഥാർത്ഥ്യമായിരിക്കുകയാണ്. ഈ അധ്യയന വർഷത്തോടെ എല്ലാ സ്കൂളുകളിലും ഹൈടെക്ക് പദ്ധതി നിർവഹണത്തിനാവിശ്യമായ ഉപകരണങ്ങൾ എത്തിക്കഴിഞ്ഞു. ഈ ഉപകരണങ്ങൾ വേണ്ട വിധം ഉപയോഗിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും പരിപാലിക്കുന്നതിനും അധ്യാപകരോടൊപ്പം വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി "ലിറ്റിൽ കൈറ്റ്സ്" പദ്ധതി ആരംഭിച്ചു. ഇതിന്റെ ഭാഗമായി ഞങ്ങളുടെ സ്കൂളിൽ ആരംഭിച്ച "ലിറ്റിൽ കൈറ്റ്സ്" യൂണിറ്റിലെ കുട്ടികൾ ചുരുങ്ങിയ കാലം കൊണ്ട് അനിമേഷൻ കംപ്യൂട്ടിങ്ങ് തുടങ്ങിയ വിവിധ മേഘലകളിൽ കൈവരിച്ച നേട്ടങ്ങളുടെ നേർക്കാഴ്ച്ചകളാണ് ഈ ഡിജിറ്റൽ മാഗസിൻ **"ലിറ്റിൽ ഐക്കൺ "** ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗംങ്ങൾക്കും ലിറ്റിൽ കൈറ്റ് മാസ്റ്റേഴ്സിനും മറ്റ് അധ്യാപകർക്കും വിദ്യാത്ഥികൾക്കും എല്ലാവിധ വിജയാശംസകളും നേരുന്നു.



**ആർ. വിജയൻ    ഹെഡ്മാസ്റ്റർ  എസ്. വി .എച്ച്. എസ്   പുല്ലാട്**

# ഉള്ളടക്കം

- കഥകൾ
- കവിതകൾ
- ഡയറി
- ലേഖനം
- ചിത്രങ്ങൾ

# വെള്ളപ്പം കറുപ്പം

ഒരിടത്തൊരിടത്ത് വെളുത്ത മൂന്ന് സുന്ദരിക്കോഴി-
ക്കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു.അവരൊന്നിച്ച് എന്നും
മണ്ണുചികഞ്ഞ് തീറ്റതേടി സന്തോഷ-
ത്തോടെ കഴിഞ്ഞുവന്നു.അങ്ങനെയിരിക്കെ ഒരു
ദിവസം ഒരു പരുന്ത് കോഴികുഞ്ഞുങ്ങളെ കാണാ-
നിടയായി.അവൻ വട്ടമിട്ട് താഴേക്കു പറന്നു.
കുഞ്ഞുങ്ങളെ റാഞ്ചാൻ തയാറെടുത്തു.പരുന്തിനെ കണ്ട കോഴിക്കുഞ്ഞുങ്ങൾ പേടിച്ച്ഓട്ടെടാഓട്ടം.
ഒടുവിൽ അവർ ഒരു ഒഴിഞ്ഞ കരിപിടിച്ച
പൈപ്പിനുള്ളിൽ ഒളിച്ചിരുന്നു.കുറച്ച കഴിഞ്ഞപ്പോ-
ൾ മൂവരും പുറത്തുവന്നു.പക്ഷേ പരസ്പരം കണ്ട
അവർ തങ്ങളുടെ രൂപം കണ്ടപ്പോൾ ഞെട്ടിപ്പോയി.
വെളുവെളുത്ത അവരുടെ കുഞ്ഞുശരീരം കറുകറുത്ത
നിറമായിത്തീർന്നിരിക്കുന്നു.
നിറത്തിലല്ല കാര്യം ജീവനിലാണെന്ന് മനസ്സിലാക്കിയ അവർ കരുതലോടെ ജീവിച്ച പോന്നു.

അക്സാ കെ ബിനു
ക്ലാസ്സ് 8



# സമ്മാനപ്പൊതി

ജിനു ഒരു പാവപെട്ട കുട്ടിയാണ്. അവൾ ഉറക്കത്തിൽ ഒരു സ്വപ്നം കണ്ടു.നല്ല ഉടുപ്പ് ധരിച്ചു അവൾ സ്കൂളിൽ പോകുന്നതായി.നേരം പുലർന്നു.ചിന്നുവിന്റെ 'അമ്മ വിളിക്കുന്നത് കേട്ടാണ് അവൾ ഉണർന്നത്.മോനേ..അമ്മ പോവുകയാണ്. ജിനു എഴുനേറ്റു.സ്കൂളിൽ പോകുന്നതിന് ഒരുങ്ങി.അവളുടെ കീറിയ ഉടുപ്പ് കണ്ടപ്പോൾ അവൾക് സങ്കടം വന്നു.ദുഃഖം ഉള്ളിലൊതുക്കി അവൾ കീറിയ ഉടുപ്പും ധരിച്ചു സ്കൂളിലെത്തി. സ്കൂളിൽ അസ്സെംബ്ലയിൽ അവളുടെ സങ്കടം നിറഞ്ഞ മുഖം കണ്ടു ടീച്ചർ കാര്യം തിരക്കി. അവൾ പറഞ്ഞു എനിക്ക് നല്ലൊരു ഉടുപ്പില്ല പിറന്നാളിനിടാൻ. പക്ഷെ ഞാൻ സ്വപ്നം കണ്ടത് ഞാൻ നല്ലൊരു ഉടുപ്പിട്ട് സ്കൂളിൽ പോകുന്നതാണ്. ആ സമയം ടീച്ചർ അവൾക്ക് പുഞ്ചിരിയോടെ ഒരു പൊതി സമ്മാനിച്ച്.അവൾ വീട്ടിൽ ചെന്നതിനു ശേഷം പൊതി അഴിച്ചു നോക്കി. അതാ നല്ലൊരുടുപ്പ്. അവൾ സന്തോഷം കൊണ്ട് തുള്ളിച്ചാടി.

സ്വാതി കൃഷ്ണ ,

ക്ലാസ്സ് 8

# അഹങ്കാരിയായ സിംഹം

നല്ല മഴ ഉള്ള ഒരു ദിവസം
മുയലും ആമയും കുഞ്ഞുങ്ങളും തീറ്റ
തേടി ഇറങ്ങി. നടന്നു നടന്ന് ഒരു
കാരറ്റ് തോട്ടത്തിൽ എത്തി.  ആർത്തിയോടെ
കാരറ്റ് തിന്നു തുടങ്ങി അപ്പോൾ
ഭയങ്കരമായ മഴ പെയ്തു മുയലും ആമയും
കുഞ്ഞുങ്ങളും  അവിടെ നിന്നും ഓടി .
ഗുഹ കണ്ടു അവിടെ കയറി നിന്നു
അപ്പോൾ  ആ ഗുഹയിൽ ഒരു സിംഹം വന്നു .മുയലും ആമയും
കുഞ്ഞുങ്ങളും ജീവനു കൊണ്ട് ഓടി .സിംഹം അവരുടെ പുറകേ
ഓടി .മുയലും ആമയും കുഞ്ഞുങ്ങളും വഴിയിൽ കണ്ട ഒരു കുഴിയുടെ
മുകളിലൂടെ ചാടി. അപ്പുറത്തെത്തി. പിന്നാലെ വന്ന
സിംഹം ആ കുഴിയിൽ വീണു. അങ്ങെന മുയലും കുഞ്ഞുങ്ങളും രക്ഷപെട്ടു.



ആദിത്യൻ
ക്ലാസ്    6

# മടിമാറി

മഹാ മടിച്ചി  ആയിരുന്നു കിങ്ങിണി  തത്ത. എപ്പോഴും പൊത്തിൽ മടിപിടിച്ചിരിക്കുന്നു . ഒരു ദിവസം തീറ്റതേടി
പോകാനായി  കൂട്ടുകാർ കിങ്ങിണി തത്തയെ വിളിച്ചു  ഞാൻ വരുന്നില്ല  എനിക്കു വയറു വേദനായാ. അവൾ
പറഞ്ഞു .അന്ന് വൈകിട്ട് കുട്ടുകാർ വന്നപ്പോൾ കിങ്ങിണി തത്തയ്ക്ക് കൂടിയുള്ള ആഹാരം കൊണ്ടുവന്നു .
പിറ്റേന്നു അവൾ തീറ്റ തേടി പോയാൽ.കുട്ടുകാർ ആഹാരം കൊണ്ട് വന്നു കുറച്ചു ദിവസം കഴിഞ്ഞപ്പോൾ
കുട്ടുകാർക്ക് കിങ്ങിണിയുടെ സൂത്രം മനസ്സിലായി . അവർ പിന്നീട് കുറേ പഴങ്ങൾ കൊണ്ടു വന്നു. കിങ്ങിണിയ്ക്ക്
കൊടുക്കാതെ കഴിച്ചു. കിങ്ങിങ്ങിണിയ്ക്ക് കൊതിയായി .അവരുടെ കൂടെ
പോയിരുന്നു എങ്കിൽ എനിക്കു പഴങ്ങൾ കഴിക്കാമായിരുന്നു മടിപിടിച്ചതാ
കുഴപ്പമായത് .പിറ്റേന്ന് കിങ്ങിണി കുട്ടുകാർക്കൊപ്പം തീറ്റ തേടി പോയി .
അങ്ങനെ അവളുടെ മടി മാറി



അരുന്ധതി

ക്ലാസ് 9


# ഉത്സവമായ്

കൊമ്പും കുഴലും ചെണ്ടയുമായെത്തി
അമ്പലമുറ്റത്തുത്സവമായി
ടമ്പട പടപട മേളം പൊങ്ങി
അമ്പലമുറ്റത്തുത്സവമായി
വളയും തളയും ബൊമ്മയുമെത്തി
അമ്പലമുറ്റത്തുത്സവമായി
ഉത്സവമുറ്റത്തോടിനടക്കാൻ
കുഞ്ഞുങ്ങൾക്കെന്തുത്സാഹം
തപ്പടി തകിലടി താളം മേളം
പെപ്പര പെപ്പര കൊമ്പുവിളി
തെയ്യംതെയ്യം തെയ്യക തെയ്യം
കാവടി പൂവടി തിറയാട്ടം

ശ്രീശങ്കർ
ക്ലാസ് 8



# ആന



കരയിലെ വലിയ മൃഗം
പത്തായം പോലുള്ള വയർ
തൂണപോലുള്ള കാലുകൾ
മുറം പോലുള്ള ചെവികൾ
നീണ്ട തുമ്പിക്കൈ
വളഞ്ഞ കൊമ്പുകൾ
കറുത്ത നിറം
പാറപോലുള്ള ശരീരം
ചെറിയ കണ്ണുകൾ
ഹൊ ! ഏന്തൊരു ഭയങ്കരം ഭയാനകം

സിദ്ധാർഥ് ഏ നായർ
ക്ലാസ്സ് 6

# ഡയറി

## 13/02/2017 വെള്ളി

ഞാൻ രാവിലെ 6 മണിക്ക് എഴുന്നേറ്റു. പല്ലുതേച്ചു. ചായ കുടിച്ചു. കുളിച്ചു. ആഹാരം കഴിച്ചു. 9:30 ആയപ്പോൾ സ്കൂളിൽ എത്തി. ഇന്ന് ഞങ്ങളുടെ സ്കൂളിൽ മെട്രിക് മേള ആയിരുന്നു. അസംബ്ലി നടന്നു. അതിനുശേഷം ഒരു യോഗം ഉണ്ടായിരുന്നു. രക്ഷകർത്താക്കൾ ഉണ്ടായിരുന്നു. ബി.ആർ.സി യിൽ നിന്നും 2 ടീച്ചർമാരും വാർഡ് മെമ്പർമാരും എത്തിയിരുന്നു. മെട്രിക്ക് മേളയുടെ പ്രയോജനത്തെക്കുറിച്ച് എല്ലാവരും സംസാരിച്ചു. പിന്നീട് ഞങ്ങളും ടീച്ചർമാരും ചേർന്ന് ഉണ്ടാക്കിയതും ശേഖരിച്ചതുമായ സാധനങ്ങൾ പ്രദർശിപ്പിച്ചത് കാണാനുള്ള അവസരമായിരുന്നു. ഞങ്ങളുടെ രക്ഷകർത്താക്കൾ അതെല്ലാം കണ്ടു. ബി.ആർ.സി യിലെ ടീച്ചർമാർ ഞങ്ങളോട് ചില ചോദ്യങ്ങൾ ചോദിച്ചു. ഞങ്ങൾ അവയ്ക്കുള്ള ഉത്തരവും പറഞ്ഞു. എല്ലാവർക്കും മേള ഒത്തിരി ഇഷ്ടപ്പെട്ടു. ഉച്ചക്ക് ചോറ് ഉണ്ടുകഴിഞ്ഞപ്പോൾ ഡയറ്റിലെ വിജയമോഹൻസാർ വന്നു. സാറും പ്രദർശനത്തിലെ ഇനങ്ങൾ കണ്ടു. 4 മണിക്ക് സ്കൂളിൽ നിന്ന് വീട്ടിലെത്തി വിശേഷങ്ങൾ പറഞ്ഞു. കുളിച്ചു. ചായ കുടിച്ചു. 9 മണിക്ക് അത്താഴം കഴിച്ച് ഉറങ്ങാൻ കിടന്നു. എനിക്ക് വളരെ അധികം സന്തോഷമുള്ള ദിവസമാണ് ഇന്ന്.

അഭിയ

ക്ലാസ്സ് 6


shutterstock.com • 1190950642

# മഹാത്മാ ഗാന്ധി

മോഹൻദാസ് കരംചന്ദ് ഗാന്ധി 1869 ഒക്ടോബര് 2 ന് ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു. അച്ഛൻ കരംചന്ദ് ഗാന്ധി.'അമ്മ പുത്‌ലിബായി. അദ്ദേഹത്തിന് രണ്ട് സഹോദരന്മാരും ഒരു സഹോദരിയും ഉണ്ടായിരുന്നു. പതിമൂന്നാം വയസ്സിൽ കസ്തൂർബയെ വിവാഹം കഴിച്ചു. ഇന്ത്യയിൽ അടിസ്ഥാന വിദ്യാഭ്യാസവും ഇംഗ്ലണ്ടിൽ നിന്ന് വക്കീൽ പഠനവും പൂർത്തിയാക്കി. പഠനത്തിന് ശേഷം ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജി സ്വാതന്ത്ര്യ സമരത്തിൽ പങ്കുചേർന്നു. അഹിംസയിൽ അധിഷ്ഠിതമായ സത്യാഗ്രഹ സമരമുറയാണ് അദ്ദേഹം സ്വീകരിച്ചത്. ഈ സമരത്തിലൂടെ അദ്ദേഹം ബ്രിട്ടീഷുകാരെ മുട്ടുകുത്തിച്ചു. 1942 -ൽ ക്വിറ്റ് ഇന്ത്യ സമരം നടത്തി.1947 -ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം നേടി തന്നു. രവീന്ദ്രനാഥ ടാഗോറാണ് ഗാന്ധിജിക്ക് മഹാത്മാ എന്ന് പേര് നൽകിയത്. '**എന്റെ ജീവിതമാണ് എന്റെ സന്ദേശം**' എന്നാണ് ഗാന്ധിജി പറഞ്ഞത്. '**എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ**' എന്ന കൃതി അദ്ദേഹത്തിന്റെ ആത്മകഥയാണ്. 1948 ജനുവരി 30 -ന് നാഥുറാം ഗോഡ്സെ എന്ന മതഭ്രാന്തന്റെ വെടിയേറ്റ് മരിച്ചു. ഗാന്ധിജിയെ നമ്മൾ രാഷ്ട്ര പിതാവായി ആദരിക്കുന്നു.

നോയൽ സജി

ക്ലാസ് -6

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION


ഉയരട്ടെ നവകേരളം

BY, PRITHVI RAMACHANDRAN

KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION








Kerala Infrastructure and Technology for Education

# ഞാനെങ്ങനെ പൂമ്പാറ്റയായി



# മലയാളം

# കടങ്കഥകൾ












# നന്ദി

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ 'Little Icon' ഡിജിറ്റൽ മാഗസിൻ നിർമ്മാണത്തിൽ സഹകരിച്ച എല്ലാവർക്കും നന്ദി.

നമസ്കാരം